കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഡബ്ള്യ.വൈ.ഡി/ പി4-854/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്

തീയതി: 15/12/2016

ഡെപ്യൂട്ടി ഡയറക്ടർ

വയനാട് ജില്ല.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മുള്ളൻകൊല്ലിഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടത്തറ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,

1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി/ പി4-854/16

തിയ്യതി:15/12/2016.

വയനാട് ജില്ലയിലെ മുള്ളൻകൊല്ലിഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 15.06.2015 മുതൽ

31.03.2016 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് . സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ . ചക്രേശ്വര ആർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2016 മുതൽ<br>02.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഒ.കെ അഗസ്റ്റ്യൻ<br>ഓഡിറ്റ് ഓഫീസർ(ഹ .ഗ്രേ |
| | ശ്രീ കെ.വി ഡേവിഡ്<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഇന്ദു കെ നായർ<br>ഓഡിറ്റർ ( 25.11.2016 മുതൽ |

| | |
|---|---|
| | 02.12.2016 വരെ ) |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ . ജോസ് കണ്ടംതുരുത്തി | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി ഗിരിജ കൃഷ്ണൻ | 12.11.2015 മുതൽ 31.03.2016 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി ജിനി ബെനറ്റ് | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീ ശിവരാമൻ പാറക്കുഴിയിൽ | 12.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | ശ്രീ ഷിനു കച്ചിറയിൽ | 01.04.2015മുതൽ 31.10.2015 വരെ |
| | ശ്രീമതി ജീനാ ഷാജി | 12.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീമതി എൽസി ചോറ്റാനി | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീമതി നിഷ ശശി | 2.11.2015 മുതൽ 31.03.2016 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം ) | ശ്രീമതി സിസിലി ചെറിയാൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ ജോസ് കുഴപ്പിൽ | 2.11.2015 മുതൽ |

| | | |
|---|---|---|
| | | 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ പി ജയരാജൻ | 01.04.2015 മുതൽ<br>31.03.2016 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസി .സെക്രട്ടറി | ശ്രീ എം സ്റ്റീഫൻ | 01.04.2015 മുതൽ<br>17 .10. 2015 വരെ |
| | ശ്രീമതി ബീന വർഗ്ഗീസ്<br>( അധിക ചുമതല ) | 19 .10. 2015 മുതൽ<br>15 .02 . 2015 വരെ |
| | ശ്രീ എ.കെ രാജൻ<br>( അധിക ചുമതല ) | 16.02 . 2016 മുതൽ<br>11.03.2016 വരെ |
| | ശ്രീമതി ബീന വർഗ്ഗീസ്<br>( അധിക ചുമതല ) | 14.03.2016 മുതൽ<br>31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി എച്ച്. സി) | ഡോ .മുഹമ്മദ് അഫ്സൽ | 01.04.2015 മുതൽ<br>14.06.2015 വരെ |
| | ഡോ. ആന്റോ അബി ഇല്ലിക്കൽ | 14.06.2015 മുതൽ<br>21.12.2015 വരെ |
| | ഡോ . അബ്ദുൾ ജലീൽ | 21.12.2015 മുതൽ<br>01.02.2016 വരെ |
| | ഡോ. ആന്റോ അബി ഇല്ലിക്കൽ | 01.02.2016 മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ . രഞ്ജിനി ചന്ദ്ര എം | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ . ചന്തു എസ് | 01.04 .2015 മുതൽ<br>31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ . ഹാരിഫ് | 01.04.2015 മുതൽ<br>31.03.2016 വരെ |
| വി ഇ ഒ | ശ്രീ പി.സാജൻ | 01.04.2015 മുതൽ<br>31.03.2016 വരെ |
| | ശ്രീമതി ബി എ ശ്രീലത | 01.04.2015 മുതൽ<br>31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.വി.സെബാസ്റ്റ്യൻ ജോസഫ് | 01.04.2015 മുതൽ<br>30.06.2015 വരെ |
| | ശ്രീ പി.ജെ വിനോദ് | 30.06.2015 മുതൽ<br>29.02.2016 വരെ |
| | ശ്രീമതി നീമ പി.എം | 29.02.2016 മുതൽ<br>31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി മേരിക്കുട്ടി അബ്രഹാം | 01.04.2015 മുതൽ<br>31.03.2016 വരെ |
| ടി . ഇ .ഒ | ശ്രീ എ.ജി ഉണ്ണികൃഷ്ണൻ | 01.04.2015 മുതൽ<br>31.03.2016 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി വി . എസ് . ഊർമിള | 01.04.2015 മുതൽ<br>14.03.2016 വരെ |
| | ശ്രീമതി ഒ . എ ഉഭയ | 14.03.2016 മുതൽ<br>31.03.2016 വരെ |
| അസി .എഞ്ചിനീയർ | ശ്രീമതി രമ്യ അരവിന്ദ് | 01.04.2015 മുതൽ<br>31.03.2016 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1-പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2-വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 12 | മൊബൈൽ ടവറുകളുടെ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല | 2-1 | |
| 13 | ഡി &ഒ ലൈസൻസ് - അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല | 2-2 | |
| 14 | തൊഴിൽ നികുതി - അപാകതകൾ | 2-3 | |
| 15 | മൊബൈൽ ടവർ പെർമിറ്റ് - രേഖകളിലെ അപാകങ്ങൾ | 2-4 | |
| 16 | റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-5 | |
| 17 | ഭാഗം 3- ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 18 | സ്റ്റോക്ക് രജിസ്റ്റർ യഥവിധി എഴുതി സൂക്ഷിച്ചിട്ടില്ല. | 3-1 | |
| 19 | ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങളില്ല. | 3-2 | |
| 20 | വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു. | 3-3 | |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | 3-4 | |
| 22 | ഐ.എ.വൈ ഭവനനിർമ്മാണം - വിനയോഗ സാക്ഷ്യപത്രവും | 3-5 | |

| | | | |
|---|---|---|---|
| | ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല. | | |
| 23 | പശ്ചിമഘട്ട വികസന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-6 | |
| 24 | നെൽ കൃഷിക്ക് ധനസഹായം- ജില്ല പഞ്ചായത്ത് ഫണ്ട് ചെലവിന്റെ വിശദ വിവരം ലഭ്യമാക്കിയില്ല. | 3-7 | |
| 25 | വെറ്ററിനറി സർജന്റെ ബാങ്ക് അക്കൌണ്ടിൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽപ്പെടാത്ത നീക്കിയിരിപ്പ് തുക. | 3-8 | |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രവും ഭൌതിക നേട്ടറിപ്പോർട്ടും ഹാജരാക്കണം . | 3-9 | |
| 27 | പഞ്ചായത്തിലെ ടാർ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനായി അവശേഷിക്കുമ്പോൾ റോഡ് മെയിൻറനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച് | 3-10 | |
| 28 | ഇ.എം.എസ് ഭവന പദ്ധതി നിരവധി വീടുകൾ പൂർത്തീകരിക്കാത്തത് | 3-11 | |
| 29 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്. | 3-12 | |
| | ഭാഗം 4-പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |

| | | | |
|---|---|---|---|
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21.03.2015ലെ 1/15-ാം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28.03.2016 ലെ 2/16-ാം തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | - | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

തൻവർഷത്തെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ അപാകതകൾ താഴെപ്പറയുന്നു.

1. തനത് ഫണ്ട് അക്കൌണ്ടിന്റെയും (SMGB-40116100110599), പദ്ധതിയുടെ അക്കൌണ്ടിന്റെയും (കനറാ -29519) റിക്കൺസിലിയേഷൻ കൃത്യമായി നടത്തിയിട്ടില്ല.
2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

3. SMGB പ്ളാൻ -13123 എന്ന ബാങ്ക് അക്കൌണ്ടിൽ 321818/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതിനമാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.
4. വിവിധ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാതെയും കണക്കുകൾ തിട്ടപ്പെടുത്താതെയും വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ എങ്ങനെ കണക്കാക്കി എന്ന് വ്യക്തമല്ല. 2014-15 വർഷത്തെ ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ വസ്തു നികുതിയുടെ കുടിശ്ശിക രേഖപ്പെടുത്തിയത് (-) 41734 രൂപയെന്നാണ് . ഡിമാന്റ് മൈനസ് തുക വരുകയില്ല.
5. അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവുകൾ യഥാക്രമം 355288/-, 44000/- ആണ് എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ഇത് യഥാക്രമം 366604/-, 144000/-ആണ്.
6. ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിവധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയും സെക്രട്ടറി നേരിട്ടും നൽകിയ ടെണ്ടർ ഫോറം വിൽപ്പന വഴി ലഭിച്ച തുകയുടെ സംക്ഷിപ്തം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
7. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ് ചട്ടം 58 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല
8. സെക്രട്ടറി ധനകാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.
9. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
10. വൗച്ചർ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.
11. MNREGS (EFMS വഴി നൽകിയ തുക അടക്ക വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക രജിസ്റ്ററിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല (വാർഷിക കണക്ക് -14168628/- രൂപ, രജിസ്റ്റർ - 14268037/- രൂപ).
12. തനത് ഫണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കിയിട്ടില്ല.
13. ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ സാക്ഷരത സ്കീമിന്റെ ബാധ്യതയായി 128440/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബി-17 ഷെഡ്യൂളിൽ ഈ അക്കൌണ്ടിലെ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നത് 1750/-രൂപയാണ്.
14. സാംഖ്യ അക്കൌണ്ടിൽ ഉൾപ്പെടാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടുകളിൽ ചിലതിൽ വൻതുക നീക്കിയിരിപ്പുണ്ട് അയത് പഞ്ചായത്തിന്റെ വാർഷിക കണക്കാക്കിൽ പ്രതിഫലിക്കുന്നില്ല (ടി.ഇ.ഒ. - 113838/-രൂപ [A/C No. 130071201000067, വയനാട് ഡിസ്റ്റ്ട്രിക്റ്റ് കോ.ഓപ്പ്. ബാങ്ക്] , വെറ്ററിനറി സർജൻ - 409129/-രൂപ [A/C No. 086310109564, കനറാ ബാങ്ക്]).
15. വാർഷിക കണക്കിനോടൊപ്പം അക്കൌണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
16. സി.എഫ്.സി. വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വരവ് തുക എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല (വാർഷിക കണക്ക്- 11300528/-രൂപ, എ.സി.ആർ - 8143016/-രൂപ).
17. ബി- ഫണ്ടിൽ രജിസ്റ്റർ പ്രകാരമുള്ള 14640/- രൂപ A.F.S. -ൽ ഇല്ല (ആയുർവേദം).

ന്യൂനതകൾക്ക് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (31/2015-16/ 18.11.2016.) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44274361 രൂപ |
| വരവ് | 61594865 രൂപ |
| ആകെ | 105869226രൂപ |
| ചെലവ് | 93137904രൂപ |
| നീക്കിയിരിപ്പ് | 12731322രൂപ |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3730865 | ----- | 3730865 | 16121288 | 13653348 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 892701 | 3715071 | 4607772 | 904130 | -695071 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 2589947 | 17114580 | 19704527 | 7359231 | -1263254 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 10903586 | 12260666 | 23164252 | 22048838 | 0 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3373843 | 2938000 | 6311843 | 5050685 | 0 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4855849 | 12262047 | 17117896 | 9689692 | 0 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 5426883 | 5228338 | 10655221 | 3561343 | 0 | 0 | 100 |
| എം. എൻ . ആർ.ജി. എസ് | 77488 | 14168628 | 14246116 | 14244796 | 1320 | 0 | 99.99% |
| ബി ഫണ്ട് | 0 | 19314220 | 19314220 | 19314220 | - | - | 100 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 199 | 107556326 | 153 | 66604591 | - | 46 | 76.88% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1297188 രൂപ (10.3% ) കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3518947 | 1860363 | (-)1658584 | (-)47.13% |
| നികുതിയേതര വരവുകൾ | 606408 | 471693 | (-)134715 | (-)22.22% |
| മറ്റുവരവുകൾ | 8506721 | 9002832 | (+)496111 | (+)5.8% |
| ആകെ | 12632076 | 11334888 | (-)1297188 | (-)10.3% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 29 | 21 | 8 | - |
| 2 | തൊഴിൽ രഹിത വേതനം | - | - | - | - |
| 3 | വിധവാ പെൻഷൻ | 78 | 73 | 5 | - |
| 4 | വികലാംഗ പെൻഷൻ | 14 | 14 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - | - |

| | | | | | |
|---|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 339 | 310 | 29 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2016 രാവിലെ 10 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4538/-രൂപ( നാലായിരത്തി അഞ്ഞൂറ്റി മുപ്പത്തി എട്ട് ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.10.2016 മുതൽ 20 .10.2016 വരെ | 2016 ജൂലൈ മുതൽ സെപ്തംബർ വരെ | 20.09.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.08.2010 മുതൽ 02.09.2010 വരെ | 2005-06 മുതൽ 2009-10 വരെ | 07.10.2010 |

# 2-1 മൊബൈൽ ടവറുകളുടെ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി സംബന്ധിച്ച് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയതിൽ നിലവിൽ 14 മൊബൈൽ ടവറുകൾ 2012-13 മുതൽ 2015-16 വരെയുള്ള വസ്തു നികുതി അടവാക്കിയിട്ടില്ല . സമയോചിതമായി നടപടിയെടുത്ത് നികുതി ഈടാക്കുന്നതിൽ വീഴ്ച വരുന്നതിനാൽ നികുതി കാലഹരണപ്പെടുകയും പിരിഞ്ഞുകിട്ടാനുള്ള തുക കുമിഞ്ഞുകൂടുകയും ചെയ്യുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

എ) കാലഹരണപ്പട്ട തുക

മൊബൈൽ ടവറുകളിൽ നിന്നും 2012-13 വർഷത്തെ വസ്തു നികുതി ഈടാക്കാത്തതിനാൽ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പ് പ്രകാരമുള്ള സമയപരിധി 2015-16 വർഷം അവസാനിച്ചതിനാൽ (39048 + 1954 =) 41002 രൂപ കാലഹരണപ്പെട്ടു . വിശദവവരം താഴെകൊടുക്കുന്നു.

| ക്രമ നം | വാർഡ് നം/ ഡോർ നം | ഉടമസ്ഥന്റെ പേര് | വാർഷിക ഡിമാന്റ് തുക+ ലൈബ്രറി സെസ്സ് | വസ്തു നികുതി കുടിശ്ശിക (രൂപ) | ലൈബ്രറി സെസ്സ് കുടിശ്ശിക (രൂപ) |
|---|---|---|---|---|---|
| 1 | 16/623 | എസ്.ആർ ടെലകോം | 7976+399=8375 | 7976 | 399 |
| 2 | 9/127 | സെല്ലുലാർ വോഡഫോൺ, സീതാമൗണ്ട് | 7976+399=8375 | 7976 | 399 |
| 3 | 9/127 | സെല്ലുലാർ വോഡഫോൺ, സീതാമൗണ്ട് | 7976+399=8375 | 7976 | 399 |
| 4 | 16/611/എ | എയർസെൽ ടെലികോം | 6048+303= 6351 | 6048 | 303 |
| 5 | 2/266 | ടവർ വിഷൻ | 4536+227= 4763 | 4536 | 227 |
| 6 | 2/268/എ | ടവർ വിഷൻ | 4536+227= 4763 | 4536 | 227 |
| ആകെ | | | | 39048 | 1954 |

മേൽ സൂചിപ്പിച്ച മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കാത്തതിനും കേരള പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പ് പ്രകാരമുള്ള സമയപരിധിക്കുള്ളിൽ 2015-16 വർഷം കാലഹരണപ്പെടാവുന്ന തുകകൾ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ

വിവരങ്ങളും , നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/15-16/01.12.2016 ) ലഭ്യമാക്കിയ മറുപടിയിൽ ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . 39048/- ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കുന്നു. ഉത്തരരവാദികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

ബി) കുടിശ്ശിക കുമിഞ്ഞുകൂടുന്നു.

2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ നികുതി തുക ഈടാക്കാതെ അവശേഷിക്കുന്നതിനാൽ താഴെപ്പറയും പ്രകാരം 472659/-രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നം | വാർഡ് നം/ ഡോർ നം | ഉടമസ്ഥന്റെ പേര് | വാർഷിക ഡിമാന്റ് തുക+ ലൈബ്രറി സെസ്സ് | വർഷം | കുടിശ്ശിക |
|---|---|---|---|---|---|
| 1 | 16/623 | എസ്.ആർ ടെലകോം | 24000+1200 = 25200 | 2013-14 മുതൽ 2015-16 | 25200x3= 75600 |
| 2 | 2/295/എ | ഇൻഡസ് ടവർ | 11250+563 = 11813 | 2013-14, 2015-16 | 11813x3= 35439 |
| 3 | 5/20 | വോഡഫോൺ ടവർ, കബനിഗിരി | 9000+450 =9450 | 2013-14 മുതൽ 2015-16 വരെ | 9450x3= 28350 |
| 4 | 6/258 | വോഡഫോൺ ടവർ, പാടിച്ചിറ | 12000+600 =12600 | 2013-14 മുതൽ 2015-16 വരെ | 12600x3= 37800 |
| 5 | 16/621 | ഐഡിയ സെല്ലുലാർ ടവർ | 13200+660 =13860 | 2013-14 മുതൽ 2015-16 വരെ | 13860x3= 41580 |

| | | | | | |
|---|---|---|---|---|---|
| 6 | 9/127 | സെല്ലുലാർ വോഡഫോൺ , സീതാമൗണ്ട് | 10800+540 =11340 | 2013-14 മുതൽ 2015-16 വരെ | 11340x3= 34020 |
| 7 | 13/125 | ഇൻഡസ് ടവേഴ്സ് , ശശിമല | 9000+450 =9450 | 2013-14 മുതൽ 2015-16 വരെ | 9450x3= 28350 |
| 8 | 16/611/എ | എയർസെൽ ടെലികോം | 7800+390 =8190 | 2013-14 മുതൽ 2015-16 വരെ | 8190x3= 24570 |
| 9 | 15/510 | വോഡഫോൺ എസ്.ആർ | 12000+600 =12600 | 2013-14 – 2015-16 | 12600x3= 37800 |
| 10 | 6/270 | റിലയൻസ് ടവർ | 12000+600 =12600 | 2013-14 – 2015-16 | 12600x3= 37800 |
| 11 | 6/267 | ഐഡിയ ടവർ | 12000+600 =12600 | 2013-14 – 2015-16 | 12600x3= 37800 |
| 12 | 1/404 | വോഡഫോൺ എസ്.ആർ | 8000+400 =8400 | 2013-14 – 2015-16 | 8400x3= 25200 |
| 13 | 2/266 | ടവർ വിഷൻ | 4500+225 =4725 | 2013-14- 2015-16 | 4725x3= 14175 |

| | | | | | |
|---|---|---|---|---|---|
| 14 | 2/268/എ | ടവർ വിഷൻ | 4500+225<br>=4725 | 2013-14-<br>2015-16 | 4725x3=<br>14175 |
| ആകെ | | | | | 472659 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-2 ഡി &ഒ ലൈസൻസ് - അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല

പഞ്ചായത്തിലെ 2015-16 വർഷത്തെ ഡി &ഒ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ കൊടുക്കുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു .

1)അപേക്ഷകൾ സമർപ്പിക്കുന്നതിൽ നിശ്ചിത സമയക്രമം പാലിക്കുന്നില്ല-

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് [ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിന് മുമ്പായും പുതിയതായി തുടങ്ങുന്നതിനുള്ള അപേക്ഷകൾ പ്രസ്തുത സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുമ്പായും സമർപ്പിക്കേണ്ടതാണ്. ഇത് പ്രകാരം 2015-16 വർഷത്തേക്ക് ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2015 മാർച്ച് ഒന്നാം തിയ്യതിക്കകം സമർപ്പിക്കേണ്ടതായിരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കുന്നതിന് ആകെ ലഭിച്ച 239 അപേക്ഷകളിൽ ഒന്നും തന്നെ നിശ്ചിത സമയക്രമം പാലിച്ചിട്ടില്ല.

2) ജി.ഒ(ആർ ടി) 795/2007/ത.സ്വ.ഭ.വ തീയതി 16.03.2007 പ്രകാരം 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്ന് അണ്ടർടേക്കിംഗ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഡി &ഒ ലൈസൻസ് അനുവദിക്കാവൂ. എന്നാൽ 2015-16 ൽ ലൈസൻസ് നൽകിയ ഒരു സ്ഥാപനവും ഇത്തരത്തിലുള്ള അണ്ടർടേക്കിംഗ് നൽകിയിട്ടില്ല .

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകതകൾ

2015-16 വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)വ്യാപാരികളിൽ നിന്നും റിട്ടേൺ ഇല്ലാതെ തൊഴിൽ നികുതി ഈടാക്കി

1996 ലെ കേ. പ. രാ (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 5, 6, 7, 10 എന്നിവ പ്രകാരം നോട്ടീസ് നൽകി VI ാം നം ഫോറത്തിൽ റിട്ടേൺ സ്വീകരിച്ച് അർദ്ധവാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. എന്നാൽ തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ വ്യാപാരികൾക്ക് നോട്ടീസ് നൽകുകയോ പ്രസ്തുത വരുമാനമോ റിട്ടേണോ വ്യാപാരികൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

വരും വർഷങ്ങളിൽ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

2) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല -കേരള പഞ്ചായത്ത് രാജ് ആക്ട് ,1994 ലെ വകുപ്പ് 205 ഇ പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മുഖേന ഓരോ ഓഫീസ് മേധവിയോടും, തൊഴിൽ നികുതി ഈടാക്കാൻ ബാധ്യസ്ഥരായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ, സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസങ്ങളും നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും, ടി ലഭ്യമാകുന്ന വിവരങ്ങൾ കൈപറ്റിയാലുടൻ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടെയോ, സ്ഥാപനങ്ങളുടെയോ പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇത്തരത്തിലുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് ,1994 ലെ വകുപ്പ് 205 ഇ പ്രകാരമുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് .

3) 2015-16 വർഷത്തിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ താഴെ കൊടുക്കുന്ന സ്ഥാപനത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി<br>അടയ്ക്കാനുള്ളഅർദ്ധവർഷം |
|---|---|
| ക്ഷീരോത്പാദന സഹകരണസംഘം ,<br>ശശിമല | 2015-16 ഒന്ന്,രണ്ട് അർദ്ധ വർഷങ്ങൾ |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ് .

## 2-4 മൊബൈൽ ടവർ പെർമിറ്റ് - രേഖകളിലെ അപാകങ്ങൾ

പഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലെ 358/1A1A1A റീസർവെ നമ്പറിലെ ശ്രീ . ദേവസ്യ

എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന് 14.75 ച.മീ വിസ്തൃതിയുള്ള മൊബൈൽ ടവർ നിർമ്മിക്കുന്നതിന് 14/15-16/16.6.2015 -ാം നമ്പർ പെർമിറ്റ് നൽകിയിട്ടുണ്ട് .

കേരള സംസ്ഥാന ഇൻഫോർമേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റിന്റെ 15.3.2014 ലെ ജി.ഒ (എം .എസ്. )14/2014/ITD നമ്പർ ഉത്തരവിൽ മൊബൈൽ ടവർ സ്ഥാപിക്കുന്നതിന് പെർമിറ്റ് നൽകുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെവിച്ചിട്ടുണ്ട് . ആയതിന് അനുബന്ധമായി മൊബൈൽ ടവർ നിർമ്മിക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളിൽ ടവറിന്റെ റേഡിയേഷൻ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഓഫ് ടെലികമ്മ്യൂണിക്കേഷന്റെ SACFA ക്ലിയറൻസ് സർട്ടിഫിക്കറ്റോ/ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോ സമർപ്പിക്കേണ്ടതാണ് . എന്നാൽ ഇത്തരത്തിലുള്ള SACFA ക്ലിയറൻസ് സർട്ടിഫിക്കറ്റ്/ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെയോ പകർപ്പ് ഹാജരാക്കാതെയാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.

മൊബൈൽ ടവർ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട് .

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ ,2011 ലെ ചട്ടം 130(6) പ്രകാരം വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റിന്റെ കാലാവധി ഒരു വർഷമാണ് . ചട്ടം 130(7) പ്രകാരം പെർമിറ്റ് പുതുക്കുന്നതിന് നിലവിലുള്ള പെർമിറ്റിന്റെ കാലാവധിയിൽ തന്നെ അപേക്ഷ സമർപ്പിക്കേണ്ടതും, ചട്ടം 130(9) പ്രകാരം നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 50% ഫീസ് ഈടാക്കി ഒരു വർഷത്തേക്കു കൂടി കാലാവധി നീട്ടി കൊടുക്കാവുന്നതുമാണ് . ചട്ടം 130(4) പ്രകാരം പെർമിറ്റ് ഫീ 10000/- രൂപയാണ്. എന്നാൽ ഓഡിറ്റ് കാലയളവ് വരെയും പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല .

## 2-5 റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 137(3) പ്രകാരം പെർമിറ്റില്ലാത്ത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -J മാതൃകയിലുള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിൽ ക്രമവൽക്കരണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2)കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 135 പ്രകാരം ക്രമവൽക്കരണത്തിനുള്ള അപേക്ഷയോടൊപ്പം ഒരു പുതിയ കെട്ടിട പെർമിറ്റിന് വേണ്ടിയുള്ള അപേക്ഷയുടെ കാര്യത്തിൽ ആവശ്യമുള്ള സൂചനകളും വിശദാംശങ്ങളും സൈറ്റ് പ്ലാനും, എലവേഷനും, കെട്ടിട പ്ലാനും, സമർപ്പിക്കേണ്ടതും, ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് (പെർമിറ്റ് ഫീസിന്റെ ഇരട്ടി ) ഈടാക്കേണ്ടതുമാണ് .

ശ്രീമതി അമ്മിണി മാടത്താനിക്കൽ എന്നവരുടെ അപേക്ഷ (നം . എ3 -153/14/9.1.2015 ) പ്രകാരം 13-ാം വാർഡിൽ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച 8.1 ച.മീ വിസ്തൃതിയുള്ള കടമുറിക്ക് 311 എ എന്ന കെട്ടിട നം അനുവദിച്ചത് സൈറ്റ് പ്ലാനും, എലവേഷനും, കെട്ടിട പ്ലാനും സമർപ്പിക്കാതെയാണ്. കൂടാതെ ചട്ടം 137(4) പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല . അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിച്ചിട്ടില്ല.

സ്റ്റോക്ക് രജിസ്റ്ററിൽ ഇനം തിരിച്ച് സാധനങ്ങൾ സ്റ്റോക്കിൽ എടുക്കുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലുള്ള സാധനങ്ങളുടെ കൃത്യമായ വിവരം ലഭ്യമല്ല. അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(4)(ബി) അനുസരിച്ച് വർഷാവസാനം സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുമില്ല. കൈമാറികിട്ടിയ സ്ഥപനങ്ങളിലെ ഫർണിച്ചറിന്റെയും മറ്റ് ഉപകരണങ്ങളുടെയും കണക്കുകളും ലഭ്യമല്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിന്റെ (മൂവബ്ൾ അസറ്റ്സ്) കൃത്യത പരിശോധിക്കാൻ സാധ്യമല്ല. 24.09.2010 -ലെ സർക്കാർ സർക്കുലർ നം. 86/2010/ഫിൻ അനുസരിച്ച് കമ്പ്യൂട്ടർ ഹാർഡ് വെയറിനും, സോഫ്റ്റ് വെയറിനും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. തൻവർഷം ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ വാങ്ങിയ ഫർണിച്ചറും ഐ.ടി. ഉപകരണങ്ങളും ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്തിട്ടില്ല.

ന്യൂനതകൾക്കും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് ( 01 /2015-16/ 24.11.2016, 08 /2015-16/ 29.11.2016 ) മറുപടിയായി സ്റ്റോക്ക് രജിസ്റ്റർ വർഷം തിരിച്ചാണ് എഴുതി സൂക്ഷിരിക്കുന്നതെന്നും ഹെഡ്മാസ്റ്റർ വാങ്ങിയ ഫർണിച്ചറും ഐ.ടി. ഉപകരണങ്ങളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസറ്ററിലാണ് ചേർത്തിട്ടുള്ളതെന്നും സ്റ്റോക്കിന്റെ ഭൌതിക പരിശോധന നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സാധനങ്ങളുടെ സ്റ്റോക്ക് ഇനം തിരിച്ചാണ് സൂക്ഷിക്കേണ്ടത്. കൈമാറികിട്ടിയ സ്ഥപനങ്ങളിലെ സാധനങ്ങളുടെ സ്റ്റോക്കിന്റെ വിവരവും ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ തൻവർഷത്തെ ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള വാങ്ങലുകളുടെ ആകെ ചെലവ് തുക 14,22,334/--രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

| ക്രമ നം. | പ്രേജ.നം. / പേര് | നിർവ്വഹണം | ചെലവ് / ഫണ്ടിനം | ബിൽ നം. / വൌച്ചർ നം. |
|---|---|---|---|---|
| 1 | എസ്. 0192/16, പഞ്ചായത്ത് ഓഫീസിലേക്ക് | സെക്രട്ടറി | 518408/-<br>വികസനഫണ്ട് (ലോക ബാങ്ക് ധനസഹായം | 35/15-16, 23.03.2016 |

| | | | | |
|---|---|---|---|---|
| | ജനറേറ്റർ | | | |
| 2 | എസ്.0117/16, കൃഷി ഓഫീസിലേക്ക് ഫോട്ടോകോപ്പിയർ | സെക്രട്ടറി | 47985/-വികസനഫണ്ട് (പൊതു വിഭാഗം) | 21/15-16, 30.01.16 |
| 3 | എസ്.0061/16, അസി. എഞ്ചിനിയർക്ക് ലാപ്പ്ടോപ്പ് | സെക്രട്ടറി | 43000/- വികസനഫണ്ട് ( സി.എഫ്.സി) 3500/- വികസനഫണ്ട് ( പൊതു വിഭാഗം) | 17/15-16, 31.12.2015 31/15-16, 18.03.2016 |
| 4 | എസ്.0056/16, ഐ.എസ്.ഒ. 9001-2008 സർട്ടിഫിക്കേഷൻ ടോട്ടൽ ക്വാളിറ്റിമാനേജ്മെന്റ് സിസ്റ്റം | സെക്രട്ടറി | 162320/- തനത് ഫണ്ട് | 21500482 /15-16, 19.08.2015 |
| 5 | എസ്. 0036/16, സ്കൂൾ ലൈബ്രറിയിലേക്ക് ഫർണിച്ചർ | ഹെഡ്മാസ്റ്റർ | 125000/-വികസനഫണ്ട് ( പൊതു വിഭാഗം) | 36/15-16, 29.03.2016 |
| 6 | എസ്.0014/16, സ്മാർട്ട് ക്ളാസ് റൂമിലേക്ക് ഐ.ടി. | ഹെഡ്മാസ്റ്റർ | 22121/-വികസനഫണ്ട് ( സി.എഫ്.സി) | 15/15-16, 29.03.2016 |

| | | | | |
|---|---|---|---|---|
| | ഉപകരണങ്ങൾ | | 500000/-സംരക്ഷണഗ്രാന്റ് റോഡിതരം | 10/15-16, 31.01.2016 |
| | | ആകെ | 1422334/- | |

സ്റ്റോക്ക് രജിസ്റ്റർ യഥാവിധി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-2 ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങളില്ല.

തൻ വർഷം സെക്രട്ടറി പ്രേജക്ട് നമ്പർ എസ്.0057- ആയി ' തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ' എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. 6943/- രൂപ നിരക്കിൽ 24 വാട്ട്സിന്റെ 54 എൽ.ഇ.ഡി. ബൾബുകളും, 1572/-രൂപ നിരക്കിൽ 11 വാട്ട്സിന്റെ 216 സ.എഫ്.എൽ ബൾബുകളും വാങ്ങിയതിന്റെ വിലയായി ആകെ 714473/-രൂപ (ബിൽ നം. 06/15-16, 19.08.2015 - 5 ലക്ഷം രൂപ [വികസന ഫണ്ട് ജനറൽ], വൌച്ചർ നം. 21500481/ 19.08.2015- 214473/- രൂപ [തനത് ഫണ്ട്]) ക്രൂസ്സ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. വാങ്ങിയ തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ടങ്കിലും വിതരണം ചെയ്തതിന്റെ വിവരം ലഭ്യമല്ല. തെരുവ് വിളക്കുകൾ എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളതെന്നും, അറ്റകുറ്റ പണികൾ നടത്തിയത് സംബന്ധിച്ചും, കേടായവ മാറ്റി സ്ഥാപിച്ചിട്ടുണ്ടങ്കിൽ അവ ഏതൊക്കെയാണെന്നും സംബന്ധിച്ചും, അവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 05/2015-16/ 29.11.2016. ) മറുപടിയായി "മേൽപറഞ്ഞ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ള ബൾബുകളെല്ലാം വിവധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുകയും കെ.എസ്.ഇ.ബി.-യുമായി സംയുക്ത പരിശോധന നടത്തി എഗ്രിമെന്റ് വച്ചിട്ടുണ്ടെന്നും എന്നാൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച പോസ്റ്റുകൾ ഏതൊക്കെയാണെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല അപാകതകൾ പരിഹരിക്കുന്നതാണെന്നും" അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണകുറിപ്പ് പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾക്ക് പുറമേ ഗ്രാമപഞ്ചായത്തിൽ എത്ര തെരുവ് വിളക്കുകൾ ഉണ്ടെന്നും അവ ഏതൊക്കെ ഇനങ്ങളിൽപ്പെട്ടവയാണെന്നും എവിടെയെല്ലാമാണ് സ്ഥാപിച്ചിരിക്കുന്നതെന്നും സ്ഥാപിച്ചതിന്റെ തീയതിയും അറിയിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള തൻ വർഷത്തെ ചെലവ് തുക 714473/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 വികസനഫണ്ട് വകമാറ്റി ചെലവഴിച്ചു.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തൻവർഷത്തിൽ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വാടക അടവാക്കുന്നതിനു വേണ്ടി 87168/-രൂപ വികസന ഫണ്ട് (ജനറൽ) ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജ.നം. / പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക | ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0029/16, കൃഷി ഭവൻ കെട്ടിടത്തിന്റെ വാടക നൽകൽ | കൃഷി ഓഫീസർ | 45048/- രൂപ | 05/15-16, 12.02.2016 |
| 2 | എസ്.0126/16, അങ്കണവാടി കെട്ടിടങ്ങളുടെ വാടക നൽകൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 50000/-രൂപ (ചെലാൻ നം. 64/03.09.2016 പ്രകാരം 7880/- രൂപ തിരിച്ചടച്ചു.) | 19/15-16, 26.03.2016 |

പൊതു ആവശ്യ ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖ (ജി.ഒ.(എം.എസ്.) 330/2004/ത.സ്വ.ഭ.വ തീയതി. 09.12.2004) അനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വാടക അടവാക്കുകയെന്നത് ഈ ഫണ്ടിലെ ചുമതലപ്പെട്ട ചെലവുകളിൽപ്പെട്ടതാണ്. പൊതു ആവശ്യ ഗ്രാന്റിന്റെ ചുമതലപ്പെട്ട ചെലവുകൾക്കാണ് പ്രഥമ മുൻഗണന നൽകേണ്ടത്. പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) നം. 362/2013/ത.സ്വ.ഭ.വ, 16.11.2013) അനുസരിച്ച് തനത് ഫണ്ടിനത്തിൽ മിച്ചഫണ്ട് ഉണ്ടെങ്കിൽ മാത്രമേ ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ തനത് ഫണ്ട് വകയിരുത്താൻ പാടുള്ളൂ. 2015-16 വാർഷിക പദ്ധതിയിൽ 42,32,522/-രൂപ തനത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിന് പുറമേ ഗ്രാമപഞ്ചായത്തിന് 271420/-രൂപയുടെ സ്ഥിരനിക്ഷേപവും ഉണ്ട്.

ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടിനത്തിൽ മിച്ചഫണ്ട് ഉണ്ടായിരിക്കെ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസനഫണ്ട് വകമാറ്റി ചെലവഴിച്ചിതിന് വിശദീകരണവും ആയതിനെ സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 19/2015-16/ 01.12.2016ആവശ്യപ്പെട്ടതിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. "തനത് ഫണ്ട് ഉപയോഗിക്കേണ്ടതിനെ കുറിച്ച് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചില്ല" എന്നാണ് ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സെക്രട്ടറി വിശദീകരണം ലഭ്യമാക്കേണ്ടതാണ് ചെലവ് തുക 87168/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികൾ - വിനയോഗ സാക്ഷ്യപത്രവും

## ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ട് പ്രകാരം സെക്രട്ടറി 2015-16 വർഷത്തിൽ 500000/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | കൈമാറിയ തുക | ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0210/16, ഇടമല മിച്ചഭൂമി കാട്ടുനായിക്ക കോളനി - പൈപ്പ് ലൈൻ നീട്ടൽ- കുടിവെള്ള കണക്ഷൻ കേരള വാട്ടർ അതോറിറ്റി മുഖേന | വികസനഫണ്ട് (പൊതുവിഭാഗം) | 5,00,000 | 04/15-16, 31.07.2015 |

താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1) കൈമാറിയ തുകയുടെ ഔദ്യോഗിക രശീതി, വിനയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഉടമ്പടി വെച്ചിട്ടില്ല.

വിശദീകരണവും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (06/2015-16/ 29.11.2016.) മറുപടിയായി വിനയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും കേരള വാട്ടർ അതോറിറ്റിയുമായി കരാർ ഉടമ്പടി വെയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-5 ഐ.എ.വൈ ഭവനനിർമ്മാണം - വിനയോഗ സാക്ഷ്യപത്രവും ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം സെക്രട്ടറി ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതിയ്ക്കായി 2015-16 വർഷത്തിൽ 45,55,000/-/-രൂപ പനമരം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രേജ.നം. / പേര് | ഫണ്ടിനം | കൈമാറിയ തുക | ബിൽ നം. |
|---|---|---|---|---|
| 1 | എസ്.0033/16 ഐ.എ.വൈ വിഹിതം (ജനറൽ) | വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1007500/- | 18/15-16, 31.12.2015 |

| | | | | |
|---|---|---|---|---|
| 2 | എസ്.0034/16 ഐ.എ.വൈ വിഹിതം (എസ്.സി.പി) | വികസനഫണ്ട് (എസ്.സി.പി) | 487500/- | 19/15-16, 31.12.2015 |
| 3 | എസ്.0035/16 ഐ.എ.വൈ വിഹിതം (ടി.എസ്.പി) | വികസനഫണ്ട് ( ടി.എസ്.പി) (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) | 1500000/- 952000/- 383000/- | 20/15-16, 31.12.2015 28/15-16, 29.02.2016 36/15-16, 28.03.2016 |
| 4 | എസ്.0227/16 ഐ.എ.വൈ ഭവന പദ്ധതി (ടി.എസ്.പി) | വികസനഫണ്ട് ( ടി.എസ്.പി) | 225000/- | 40/15-16, 31.03.2016 |
| | | ആകെ | 4555000/- | |

എത്രയൊക്കെ തുക ഏതൊക്കെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായിട്ടാണ് മേൽപറഞ്ഞ തുക കൈമാറിയത് എന്നതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകയുടെ ഔദ്യോഗിക രശീതി (അവസാനത്തെ 2 ബില്ലുകളുടെ ഒഴികെ), ധനവിനയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (02/2015-16/ 24.11.2016) മറുപടിയായി ഔദ്യോഗിക രശീതി, ധനവിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ പനമരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല ആയത് ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആകെ ചെലവ് തുക 45,55,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 <u>പശ്ചിമഘട്ട വികസന പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.</u>

തൻവർഷത്തെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ചെലവ് പ്രകാരം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പശ്ചിമഘട്ട വികസന പദ്ധതി-വെട്ടുത്തൂർ നീർത്തട വികസന പദ്ധതിക്കായി (പ്രോജക്ട് നം. എസ്. 0029/16) ആകെ 675000/-രൂപ ചെലവഴിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ 31.12.2015-ലെ ചെക്ക് നമ്പർ 009216 പ്രകാരം കൈമാറിയ പശ്ചിമഘട്ട വികസന ഫണ്ട്(കേന്ദ്രാവിഷ്കൃത ഫണ്ട്) 600000/-രൂപ വരവുചെലവുകൾ കൃഷി ഓഫീസർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൃഷി ഓഫീസർ 31.12.2105-

ലെ ബിൽ നം. 02/15-16 പ്രകാരം 75000/-രൂപ (വികസന ഫണ്ട് -സി.എഫ്.സി.) മേൽ പറഞ്ഞ പദ്ധതിക്കായി പിൻവലിച്ചിട്ടുണ്ട്. ഇതിനു പുറമേ അസി. കൃഷി ഡയറക്ടറുടെ ചെക്ക് നം. 54256/12.01.2016 പ്രകാരം 75000/- രൂപ കൈപ്പറ്റിയതായി 23.03.2016-ന് കൃഷി ഓഫീസർ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല. മേൽ പറഞ്ഞ തുകകളെല്ലാം വെട്ടുത്തുർ നീർത്തട വികസന പദ്ധതിക്കായി ചെലവഴിച്ചതായാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ ചെലവുകളുടെ രേഖകൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത പക്ഷം 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരമുള്ള നിഗമനത്തിൽ നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ് എന്ന് കാണിച്ച് 01.12.2016 -ന് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 17/2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ പ്രോജക്ടിന്റെ ആകെ ചെലവ് തുക 750000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-7 നെൽ കൃഷിക്ക് ധനസഹായം- ജില്ല പഞ്ചായത്ത് ഫണ്ട് ചെലവിന്റെ വിശദ വിവരം ലഭ്യമാക്കിയില്ല.

കൃഷി ഓഫീസറുടെ ക്യാഷ് ബുക്ക് അനുസരിച്ച് ഡിമാണ്ട് ഡ്രാഫ്റ്റ് നം. 615247/26.02.2016 പ്രകാരം 13980/-രൂപയും, ഡിമാണ്ട് ഡ്രാഫ്റ്റ് നം. 615252/26.02.2016 പ്രകാരം 238943/-രൂപയും അടക്കം ആകെ 252923/-രൂപ അസി. കൃഷി ഡയറക്ടറിൽ നിന്നും ജില്ല പഞ്ചായത്ത് ഫണ്ടിനത്തിൽ നെൽ കൃഷിക്ക് ധനസഹായം എന്ന നിലയ്ക്ക് ലഭിച്ചിട്ടുണ്ട്.

സംയുക്ത പ്രോജക്ടുകൾക്കുള്ള മാർഗ്ഗരേഖ (ജി.ഒ.(ആർ.ടി.)നം.192/2010/ത.സ്വ.ഭ.വ. 19.02.2010) അനുസരിച്ച് സംയുക്ത പ്രോജക്ടായി ആവിഷ്കരിക്കാത്ത പ്രോജക്ടുകളുടെ വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാൻ പാടുള്ളതല്ല. ഇതിനു പുറമേ സംയുക്ത പ്രോജക്ടുകളുടെ വിഹിതം നിർവ്വഹണം നടത്തുന്ന ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിക്കാണ് കൈമാറേണ്ടത്.

ഗ്രാമപഞ്ചായത്ത് 2015-16 വർഷം കൃഷി മേഖലയിൽ നെൽ കൃഷി പ്രോത്സാഹനം (പ്രോജക്ട് നം. എസ്. 0007/16) എന്ന ഒരു പ്രോജക്ട് മാത്രമാണ് സംയുക്ത പ്രോജക്ടായി ആവിഷ്കരിച്ചിട്ടുള്ളത്. ഈ പ്രോജക്ടിൽ 291666/-രൂപ ജില്ല പഞ്ചായത്ത് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി ചെലവ് പ്രകാരം ജില്ല പഞ്ചായത്ത് വിഹിതം ഇനത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകൾ പ്രകാരവും ഈ ഇനത്തിൽ വരവൊന്നും രേഖപ്പെടുത്തിയിട്ടില്ല.

അതിനാൽ ക്യാഷ് ബുക്കിൽ 26.02.2016-ൽ ചെലവായി രേഖപ്പെടുത്തിയിരിക്കുന്ന 252923/-രൂപ സംബന്ധിച്ച് വിശദീകരണവും ആവശ്യമായ രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്( 18/2015-16/ 01.12.2016. ) മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ല പഞ്ചായത്തിൽ നിന്നും ലഭിച്ച 252923/-രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 വെറ്ററിനറി സർജന്റെ ബാങ്ക് അക്കൌണ്ടിൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽപ്പെടാത്ത നീക്കിയിരിപ്പ് തുക.

വെറ്ററിനറി സർജന്റെ പേരിൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻ നിർവ്വഹണത്തിനായി കനറാ ബാങ്കിൽ ഒരു അക്കൌണ്ട് (A/C No. 0355101016254 - ഈ അക്കൌണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്) ഉണ്ട്. ഈ അക്കൌണ്ടിൽ 31.03.2016 -ലെ നീക്കിയിരിപ്പ് 409129/- യാണ്. എന്നാൽ ക്യാഷ് ബുക്ക് പ്രകാരം അന്നേ ദിവസത്തെ നീക്കിയിരിപ്പ് 35/-രൂപ മാത്രമാണ്. ക്യാഷ് ബുക്കിൽ ബാങ്ക് റിക്കൺസിലിയേഷൻ രേഖപ്പെടുത്തിയിട്ടില്ല. ബാങ്ക് അക്കൌണ്ടിൽ അധികമായുള്ള നീക്കിയിരിപ്പ് തുക എതൊക്കെയാണെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടില്ല.

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് അധിക വിവരം നൽകാനുണ്ടെങ്കിൽ ആയതും വിശദീകരണവും അവശ്യപ്പട്ടുകൊണ്ട് 24.11.2016 - ന് നൽകിയ ഓഡിറ്റ അന്വേഷണകുറിപ്പിന് (നമ്പർ 04 /2015-16) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലാൻ നിർവ്വഹണത്തിനായുള്ള കനറാ ബാങ്കിലെ അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുക എതൊക്കെയാണെന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും ഹാജരാക്കണം .

തൻവർഷം ഗ്രാമപഞ്ചായത്ത് വർഷം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 0069/16 |
| അടങ്കൽ | 625000/- (ധനകാര്യ കമ്മീഷൻ ഫണ്ട്) |
| ചെലവ് | 625000/-രൂപ, ബിൽ നമ്പർ : 01/2015-16, തിയതി 31.12.2015 |
| നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ഗ്രാമപഞ്ചായത്തിന്റെ വിഹിതം അടവാക്കിയതിന്റെ കൈപ്പറ്റ് രശീതി മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടറുടെ പക്കൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് പൂർത്തിയാക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ടറിപ്പോർട്ടും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 625000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10 പഞ്ചായത്തിലെ ടാർ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്താനായി അവശേഷിക്കുമ്പോൾ റോഡ് മെയിൻറനൻസ് ഗ്രാന്റ് മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ ചുമതലയിലുള്ള ടാറിംഗ് റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായാണ് പഞ്ചായത്തിന് ലഭിച്ച റോഡ് മെയിൻറനൻസ് ഗ്രാൻറ് പ്രാഥമികമായും വിനിയോഗിക്കേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി തിരിച്ചുള്ള ചെലവ് കണക്കുകൾ പ്രകാരം റോഡ് മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിച്ച് തൻവർഷം നടപ്പാക്കിയ പദ്ധതികളിൽ പലതും (ഉദാ: പ്രൊജക്ട് നമ്പറുകൾ-67,68,72,73,76,78,94,95) റോഡ് ടാറിംഗ്, സോളിംഗ്, നടപ്പാത കോൺക്രീറ്റ് തുടങ്ങിയ വർക്കുകളാണ് നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള മുഴുവൻ ടാർ റോഡുകളുടെയും മെയിൻറനൻസിനു ശേഷം തുക അവശേഷിക്കുന്നുവെങ്കിൽ ആയത് സാക്ഷ്യപ്പെടുത്തി പഞ്ചായത്തിന്റെ ഐക്യകണ്ഠേനയുള്ള തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ സോളിംഗ്, ടാറിംഗ് തുടങ്ങിയ മറ്റ് വർക്കുകൾ ചെയ്യാവുന്നതാണ്. പഞ്ചായത്തിന്റെ പരിധിയിലും, ചുമതലയിലുമുള്ള നിരവധി ടാർ റോഡുകളുടെ മെയിൻറനൻസ് എല്ലാം പൂർത്തീകരിച്ചതിനു ശേഷമാണോ ഇപ്രകാരം നടപ്പാത/റോഡ് കോൺക്രീറ്റിംഗ്, സോളിംഗ്,റോഡ് ടാറിംഗ്, തുടങ്ങിയ വർക്കുകൾക്കായി ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കണമെന്നും, ഇത് സംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനങ്ങളോ മറ്റ് രേഖകളോ ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കണമെന്നും ഓഡിറ്റ് എൻക്വയറി.നം. 10/15-16/30.11.2016 മുഖാന്തിരം ആവശ്യപ്പെട്ടതിന് മറുപടിയായി പഞ്ചായത്ത് തീരുമാനത്തിന്റെ( നം. 29.5.15) അടിസ്ഥാനത്തിലാണ് ഇപ്രകാരം വിനിയോഗിച്ചത് എന്ന് അസി.എഞ്ചിനീയർ അറിയിച്ചു. പഞ്ചായത്തിലെ പല റോഡുകളുടെയും അറ്റകുറ്റപ്പണികൾ നടത്തിയതിന് അവശേഷിക്കേ ഇപ്രകാരം ഫണ്ട് വകമാറ്റി ചെലവഴിച്ച നടപടി ഉചിതമായില്ല. പഞ്ചായത്തിലെ മുഴുവൻ റോഡുകളുടെയും അറ്റകുറ്റപ്പണികൾ നടത്തിയതിനുശേഷമാണ് റോഡ് ടാറിംഗ്,സോളിംഗ്, നടപ്പാത/റോഡ് കോൺക്രീറ്റിംഗ്, തുടങ്ങിയ വർക്കുകൾക്കായി റോഡ് മെയിൻറനൻസ് ഗ്രാൻറ് ചെലവഴിക്കുന്നുള്ളൂ എന്നുറപ്പാക്കേണ്ടതാണ്.

## 3-11 ഇ.എം.എസ് ഭവന പദ്ധതി നിരവധി വീടുകൾ പൂർത്തീകരിക്കാത്തത്

ഇ.എം.എസ് ഭവന പദ്ധതിയിൽപ്പെട്ട ചില വീടുകൾ പൂർത്തീകരിച്ചതായി കാണുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ പട്ടിക പ്രകാരം 2010-11 ൽ ആരംഭിച്ച ഈ പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കളുടെ 38വീടുകൾ പൂർത്തികരിക്കാൻ അവശേഷിക്കുന്നുണ്ട് . ഇതിൽ 5 വീടുകൾ 25.11.2016 ന് സ്ഥലപരിശോധന നടത്തുകയുണ്ടായി . വിശദവിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപറ്റിയ തുക | നിലവിലെ സ്ഥിതി | ഒടുവിൽ തുക കൈപറ്റിയത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മിനി w/o സന്തോഷ്, ഇരുപ്പൂട് ,ബോക്കിപ്പാടി കോളനി | 40,000 | തറ മാത്രം പണിതു. തുടർന്ന് ഒരു പണിയും<br>ചെയ്തിട്ടില്ല. | 23.05.2011 |
| 2 | ബിന്ദു ബാബു ,<br>ഇരുപ്പൂട് കോളനി | 40,000 | തറ മാത്രം പണിതു. തുടർന്ന് ഒരു പണിയും ചെയ്തിട്ടില്ല. | 23.05.2011 |
| 3 | മാതൻ വെളുക്കൻ ,<br>ശങ്കരാലയം കോളനി<br>(വർക്ക് രജിസ്റ്റർ പേജ് 27) | 1,10,000 | വീടിന്റെ മേൽക്കൂര<br>പൂർത്തിയായെങ്കിലും മറ്റ് വർക്കുകൾ ചെയ്ത് പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല മേൽക്കൂര അപകടകരമായ വിധമാണ്നിലവിൽ<br>ഉള്ളത്. ആൾ താമസമില്ല. | 13.10.2011 |
| 4 | സുരേഷ് ബൊമ്മൻ,<br>ശങ്കരാലയം കോളനി<br>(വർക്ക് രജിസ്റ്റർ പേജ് 28) | 1,10,000 | --വീടിന്റെ മേൽക്കൂര<br>പൂർത്തിയായെങ്കിലും മറ്റ് വർക്കുകൾ ചെയ്ത് പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല മേൽക്കൂര അപകടകരമായ വിധമാണ്നിലവിൽ<br>ഉള്ളത്.ആൾ താമസമില്ല. | 3.10.2011 |

| | | | | |
|---|---|---|---|---|
| 5 | മാരൻ s/o വലിയ കാളൻ (വർക്ക് രജിസ്റ്റർ പേജ് 36) | 1,10,000 | വീടിന്റെ മേൽക്കൂര പൂർത്തിയായെങ്കിലും മറ്റ് വർക്കുകൾ ചെയ്ത് പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല മേൽക്കൂര അപകടകരമായ വിധമാണ് നിലവിൽ ഉള്ളത്. ആൾ താമസമില്ല. | 01.10.2011 |

മേൽ പറഞ്ഞവ കൂടാതെ അപകടകരമായ മേൽക്കൂരയുള്ള മറ്റ് ചില വീടുകൾ കൂടി ശങ്കരാലയം കോളനിയിൽ ഉണ്ട്. ഉടമസ്ഥത, പണിത കാലയളവ് മുതലായവ ഓഡിറ്റിന്റെ സമയപരിമിതി നിമിത്തം തിട്ടപ്പെടുത്താനായിട്ടില്ല.) ഇവയിൽ ആളുകൾ താമസിക്കുന്നുമുണ്ട് .

ഈ വീടുകളുടെ നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഈ വിഷയം പഞ്ചായത്ത് സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരികയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദ വിവരം ഓഡിറ്റിന് നൽകണമെന്നും, നടപടികൾ എടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കണമെന്നും ഓഡിറ്റ് എൻക്വയറി (നം. 20/2015-16/01.12 .2016) മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടിയൊന്നും നൽകിയിട്ടില്ല. ഈ വിഷയത്തിൽ അനന്തര അന്വേഷണം നടത്തി വീടുകൾ അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 3-12 ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2015-16 ൽ നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ വീട്പണി പൂർത്തീകരിച്ചിട്ടില്ല . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ പേര് | നൽകിയ തുക ചെക്ക് നം | നൽകിയ ആകെ തുക | വർക്ക് ബിൽ രജി.പേജ് നം. |
|---|---|---|---|---|
| വിധവാ ഭവനം | ഓമന കൃഷ്ണൻ കോട്ടക്കൽ | 20,000/- ch no. | 20,000/- | 5 |

| | | | | |
|---|---|---|---|---|
| | പെരിക്കല്ലൂർ | 005869/21.10.2015 | | |
| | ഷേർലി പി .സി ,<br>കുവകണ്ടത്തിൽ ,<br>ചെറ്റപ്പാലം | 20,000/-<br>ch no. 499206/21.03.2015 | 80,000/- | 17 |
| | | 60,000/-<br>ch no 50046/15.06.2015 | | |
| അഗതി-ആശ്രയ ഭവനം | മേരി പൈലി<br>ഈട്ടിക്കൽ | 20,000/-<br>ch no. 499229/18.04.2015 | 80,000/- | 31 |
| | | 60,000/-<br>ch no 500773/29.01.2016 | | |
| | സെലീന താമി,<br>കല്ലടയിൽ ,<br>മരക്കടവ് | 20000/-<br>499288/18.04.2015 | 1,40,000/- | 32 |
| | | 60000/-<br>500758/31.12.2015 | | |
| | | 60000/-<br>771503/28.03.2016 | | |

| | | | | |
|---|---|---|---|---|
| വനിത ഭവനം | ഷീന സെബാസ്റ്റ്യൻ, പടയാട്ട് | 20000/- 500752/18.12.2015 | 1,40,000/- | 57 |
| | | 60000/- 500772/29.01.2016 | | |
| | | 60000/- 771544/11.04.2016 | | |
| | കമല ഊരത്ത് പാളക്കൊല്ലി | 80,000/- 004932/18.12.2015 | 1,40,000/ | 59 |
| | | 30,000/- 501053/24.02.2016 | | |
| | | 30,000/- 771550/13.07.2016 | | |
| | സുമിത്രാ ബാലൻ , പാടിച്ചിറ | 20,000/- 500791/04.02.2016 | 80,000/- | 65 |
| | | 50,000/- 500797/20.02.2016 | | |
| | | 10,000/- 501077/03.03.2016 | | |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ചെലവഴിച്ച ആകെ തുക 680000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പനമരം ബ്ലോക്ക് പഞ്ചായത്ത് | 169350/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 169350/- |
| ജില്ലാ പഞ്ചായത്ത് | 286860/- | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം | 268457/- | 18403/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | 236447 തീ:1.8.15 | 500000 | | പൂർത്തികരിച്ചില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ(എം.എസ്) 222/2010യതസ്വഭവ തീയതി: 21.01.2010 | 27208500 | 11503345 | 4720850 | 960124 | 6782495 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷം | 2015-16 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 271420 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 271420 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 271420 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ട്രഷറി സേവിംഗ്സ് ബാങ്ക് , സബ് ട്രഷറി പുൽപ്പള്ളി<br>(SB/TD/Ano :350161/1134/30.10.2010) | 271420 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം<br>ഖണ്ഡിക | സമാഹൃത റിപ്പോർട്ട്<br>വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99<br>-38(1) | 2002-03 , VII-1.12.3 iii | വിനോദ നികുതി - ബാക്കി ടിക്കറ്റുകൾ തിരിച്ചേൽപ്പി ക്കാത്തതുമൂലം നഷ്ടം | പലിശയിനത്തിൽ അടവ് വരാത്ത തുകയുടെ പലിശകൂടി ഈടാക്കുന്ന തിനുള്ളനടപടിക്കായി വൈത്തിരി തഹസിൽദാർ കത്ത്<br>നൽകിയിട്ടുണ്ട് |
| 1998-99<br>39 | 2002-03 , VII-1.12.3 iv | മണൽ വിൽപനയിലെ ക്രമക്കേടുകൾ - വൻനഷ്ടം | ഉത്തരവാദിയായ സെക്രട്ടറി ശ്രീ . കെ.എം രവീന്ദ്രൻ ഡബ്ല്യൂ.പി.സി 37588/2008 നമ്പറായി ഹൈക്കോടതിയിൽ കേസാ ഫയൽ ചെയ്യുകയും ടി കേസ് ട്രൈബൂണിലിലേക്ക് മാറ്റി. |

| | | | |
|---|---|---|---|
| | | | |
| 1998-99<br>49 | 2002-03<br>, VII-1.12.3<br>iv | കർഷക തൊഴിലാളി പെൻഷൻ തിരിച്ചുവന്ന തുക ബന്ധപ്പെട്ട ഫണ്ടിൽ<br>അടച്ചില്ല | ഉത്തരരവാദിയായ ശ്രീ.കേശവൻ സെക്രട്ടറിക്കെതിരായി<br>ആർ.ആർ നടപടി ത്വരിതപ്പെടുതിഉന്നതിന് വെത്തിരി തഹസിൽദാർക്ക് കത്ത് നൽകി |
| 1998-99<br>51 | 2002-03<br>, VII-1.12.3<br>v | ചെറ്റപ്പാലം -സീതാമൗണ്ട് റോഡ് - തുക അധികം നൽകി | ആർ.ആർ നടപടിക്കെതിരെ ബന്ധപ്പെട്ട സെക്രട്ടറിശ്രീ.കേശവൻ ജില്ലാകോടതിയിൽ ഒ.പി 34/2011 നമ്പറായി ഫയൽ ചെയ്ത കേസ് 17.06.2016 ലെ ഒ.പി (ലോക്കൽ ഫണ്ട് ഓഡിറ്റ്) 34/2011 പ്രകാരം കേസ് തള്ളിയതിനാൽ ആർ. ആർ നടപടി തുടരുന്നതിന് വൈത്തിരി തഹസിൽദാർക്ക് കത്ത് നൽകി |
| 1998-99<br>54 | 2002-03<br>, VII-1.12.3<br>vi | മുള്ളൻകൊല്ലി -ആലത്തൂർ -പാടിച്ചിറ കബനിഗിരി -മരക്കടവ് റോഡ് ടാറിംഗ് - തുക അധികം നൽകിയത് അനുവദിക്കുന്നില്ല | സെക്രട്ടറി ശ്രീ.കേശവനിൽ നിന്നും തുക ഈടാക്ക ന്നതിനുള്ള റവന്യൂ റിക്കവറി നടപടി സ്വീ കരിക്കുന്നതിന് ഓൺ ലൈൻ റിക്വിസിഷൻ ജില്ലാ കളക്ടർക്ക് 17.08.2012ന്ആർ.ആർ/ 2012/1057/12 സമർ പ്പിച്ചു . |

| | | | |
|---|---|---|---|
| 1999-2000 | 2003-04<br>3.12.3vi | തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയില്ല – തൊഴിൽ നികുതി കുടിശ്ശിക പിരിവിൽ അലംഭാവം | ഈ കാലഘട്ടത്തിൽ ഓഫീസിൽ ജോലി ചെയ്തിരുന്ന ജീവനക്കാ രുടെ ബാധ്യത തിട്ട പ്പെടുത്തി നൽകിയതി ൽ ശ്രീ ശിശുപാലൻ,സിപത്മനാഭൻ സെക്രട്ടറി എന്നിവർ 6337/- രൂപ അടച്ചു. ശ്രീ കെ. എം രവീന്ദ്രൻ കൽപ്പറ്റ<br>ജില്ലാ കോടതിയിൽ ഫയൽ ചെയ്ത കേസ് ഡിസ്മിസ് ചെയ്തതായി 28.03.2014 ഉത്തരവായി. നോട്ടീസ് നൽകിയവരിൽ 5 പേർ ബാധ്യതയിൽ നിന്ന് ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിച്ച് മറുപടി നൽകിട്ടുണ്ട്. |
| 2000-01<br>10 | 2003 -04<br>3.12.1 | ഇന്ദിര വികാസ് പത്ര<br>10000/- രൂപ<br>അപഹരിച്ചു | ശ്രീ . അബ്ദുൾറഹിമാൻ സെക്രട്ടറിക്കെതിരെ റവന്യൂ റിക്കവറി<br>നടപടികൾക്കായി gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി നൽകുന്നതിന് ആവശ്യപ്പെട്ടതനു<br>സരിച്ച് 30.12.2015 ൽ എൻ .ഐ .സി ക്കും 13.07.2016 ന് കേരള ഐ .ടി മിഷനും gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി ല<br>ഭ്യമാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും നാളിതു<br>വരെ ലഭ്യമായിട്ടില്ല . |

| | | | |
|---|---|---|---|
| | | | |
| 2000-01<br>23(A)-<br>24(1),24(2) | 2003-04<br>3.12.1.3 | പെൻഷൻ വേതന തുകകൾ അപഹരിച്ചു | ശ്രീ . അബ്ദുൾറഹിമാൻ സെക്രട്ടറിക്കെതിരെ റവന്യൂ റിക്കവറി<br>നടപടികൾക്കായി gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി നൽകുന്നതിന് ആവശ്യപ്പെട്ടതനു<br>സരിച്ച് 30.12.2015 ൽ എൻ. ഐ .സി ക്കും 13.07.2016 ന് കേരള ഐ .ടി മിഷനും gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും നാളിതു<br>വരെ ലഭ്യമായിട്ടില്ല . |
| 2001-02<br>14 | 3.12.1.3.4 | മരാമത്ത് വേലയ്ക്ക്<br>അവസാന ബിൽ തീ<br>ർപ്പാക്കിയ ശേഷം<br>ചെലവ് | ആർ .ആർ നടപടി ക്കെതിരെ സെക്രട്ടറി ശ്രീ.കെ.എം.രവീന്ദ്രൻ ജില്ലാകോടതിയിൽ ഡബ്ല്യു . പി . സി 12731/2009(ജെ) നമ്പറായി കേസ് ഫയൽ ചെയ്യുകയും, റവന്യൂ റിക്കവറി നടപടി 24.04.2009 ലെ ഉത്തരവ് പ്രകാരം ഹൈക്കോടതി സ്റ്റേ ചെയ്തു.കേസ് ടി.എ.എൻ .ഒ 6271/2011 ഫയലിൽ ട്രൈബ്യൂണിലിലേക്ക് മാറ്റി. |

| | | | |
|---|---|---|---|
| | | | |
| | 3.12.1.3.5 | സഹകരണ സംഘ<br>ത്തിന് ലാഭകരമായി<br>ടെണ്ടർ അധികം<br>നൽകി | ശ്രീ . അബ്ദുൾറഹിമാ<br>ൻ സെക്രട്ടറിക്കെതി<br>രെ റവന്യൂ റിക്കവറി<br>നടപടികൾക്കായി gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ<br>ഐ.ഡി നൽകുന്നതി ന് ആവശ്യപ്പെട്ടതനു<br>സരിച്ച് 30.12.2015 ൽ എൻ. ഐ.സി ക്കും 13.07.2016 ന് കേരള ഐ .ടി മിഷനും gov . in എന്ന എക്സ്റ്റൻഷൻ ഇമെയിൽ ഐ.ഡി ല<br>ഭ്യമാക്കുന്നതിനായി കത്ത് നൽകിയിരുന്നെങ്കിലും നാളിതു<br>വരെ ലഭ്യമായിട്ടില്ല . |
| 2001-02<br>3-7 | 2005-06<br>2.83.2 | തൊഴിൽരഹിത വേതന വിതരണം<br>- ബാക്കി തുക തിരികെ ഒടുക്കിയില്ല | ഉത്തരവാദിയായ സെക്രട്ടറി ശ്രീ. അബ്ദുൾറഹ്മാൻ എന്ന വരിൽ നിന്നും റവന്യൂ റിക്കവറി നടപടി സ്വീ<br>കരിക്കുന്നതിന് യൂസർ<br>ഐ.ഡി യും, പാസ്<br>വേഡും അയച്ചു തരുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് |

| | | | |
|---|---|---|---|
| | | | അപേക്ഷ സമർപ്പിച്ചു |
| 2001-02<br>3-8 | 2005-06<br>2.83.2 | രേഖയില്ലാത്ത ചെലവ് | റവന്യൂ റിക്കവറി നട പടിക്കെതിരെ സെക്ര ട്ടറി ശ്രീ.കെ. എം. രവീന്ദ്രൻ ജില്ലാ കോടതിയിൽ ഡബ്ല്യു . പി.സി 12731/2009(ജെ) നമ്പറായി കേസ് ഫയൽ ചെയ്തു. കേസ്<br>ട്രൈബൂണലിലേക്ക് മാറ്റി. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 105869226 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93137904 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 39048 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9586898 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1(എ) | 39048 | - | ശ്രീ പി.ജയരാജൻ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1422334 | ശ്രീ പി.ജയരാജൻ, സെക്രട്ടറി |
| 3-2 | 714473 | ശ്രീ പി.ജയരാജൻ, സെക്രട്ടറി |
| 3-3 | 87168 | ശ്രീ പി.ജയരാജൻ, സെക്രട്ടറി |
| 3-4 | 500000 | ശ്രീ പി.ജയരാജൻ, സെക്രട്ടറി |
| 3-5 | 4555000 | ശ്രീ പി.ജയരാജൻ, സെക്രട്ടറി |
| 3-6 | 750000 | ശ്രീ പി.ജെ വിനോദ്, കൃഷി ഓഫീസർ |
| 3-7 | 252923 | ശ്രീ പി.ജെ വിനോദ്, കൃഷി ഓഫീസർ |
| 3-9 | 6,25,000 | ഡോ.ഹാരിഷ്, വെറ്ററിനറി സർജൻ |
| 3-12 | 680000 | ശ്രീ പി സാജൻ, വി.ഇ.ഒ |
| ആകെ | 9586898 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1(എ) | 1954 | ലൈബ്രറി സെസ്സ് | ശ്രീ പി.ജയരാജൻ<br>സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ് (ഡബ്ല്യു).പി3/516 തീയതി 3.7.98 |
| 1997-98 | എൽ.എഫ്(ഡബ്ല്യു).പി1/109/09തീയതി 5.2.09 |
| 1998-99 | എൽ.എഫ്(ഡബ്ല്യു).പി3/674/00തീയതി 29.11.02 |
| 1999-00 | എൽ.എഫ് (ഡബ്ല്യു).പി3/84/00തീയതി 6.8.03 |
| 2000-01 | എൽ.എഫ് (ഡബ്ല്യു).പി1/753/10 തീയതി 12.11.10 |
| 2001-02 പ്ലാൻ | എൽ.എഫ് (ഡബ്ല്യു).പി3/103/04 തീയതി 3.8.06 |
| 2001-02 | എൽ.എഫ് (ഡബ്ല്യു).പി1/254/06 തീയതി 26.2.08 |

| | |
|---|---|
| 2002-03 | എൽ.എഫ് (ഡബ്ല്യു).പി1/745/10 തീയതി 12.11.10 |
| 2003-04 | എൽ.എഫ് (ഡബ്ല്യു).പി1/501/10 തീയതി 12.11.10 |
| 2004-05 | എൽ.എഫ് (ഡബ്ല്യു).പി1/748/10 തീയതി 12.11.10 |
| 2005-06 | എൽ.എഫ് (ഡബ്ല്യു).പി1/699/10 തീയതി 28.10.10 |
| 2006-07 | എൽ.എഫ് (ഡബ്ല്യു).പി1/260/14 തീയതി 22.8.14 |
| 2007-08 | എൽ.എഫ് (ഡബ്ല്യു).പി1/613/10 തീയതി 12.11.10 |
| 2008-09 | എൽ.എഫ് (ഡബ്ല്യു).പി1/622/10 തീയതി 26.3.13 |
| 2009-10 | എൽ.എഫ് (ഡബ്ല്യു).പി1/374/10 തീയതി 5.9.12 |
| 2010-11 | എൽ.എഫ് (ഡബ്ല്യു).പി1/507/13 തീയതി 3.4.14 |
| 2011-12 | എൽ.എഫ് (ഡബ്ല്യു).പി1/370/14 തീയതി 23.8.14 |
| 2012-13 | എൽ.എഫ് (ഡബ്ല്യു).പി1/824/14 തീയതി 17.12.14 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-481/15 തിയ്യതി /11/2015 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി3-441/16 തിയ്യതി 13/07/16 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡിപി./പി3/854/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം വയനാട്, കൽപ്പറ്റ. പിൻ -673121

തിയ്യതി :15/12/2016.

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിൻെറ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൻെറ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എൻെറ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എൻെറ അഭിപ്രായത്തിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൻെറ 2015-16 ലെ വാർഷിക ധനകാര്യ

പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.WYD/P3/854/2016.

Kerala State Audit Department

District Audit Office Wayanad, Kalpetta-673121

Phone: 04936-203672

Dated.15/12/2016

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have examined the Annual Financial Statement of Mullenkolly Grama Panchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj institutions.

In my opinion, the financial statements of Mullenkolly Gramapanchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure.

Deputy Director

District office, Wayanad.